# അനുബന്ധം

## 07-02-2023-ലെ ചോദ്യംനമ്പർ *92-ന്റെ ഉത്തരത്തിലെ അനുബന്ധം

**ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി, ബഹു. വനം വന്യജീവി വകുപ്പുമന്ത്രി, അഡ്വക്കേറ്റ് ജനറൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 10-01-2023 രാവിലെ 10.30-ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്**

യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

22-08-2019-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂപതിവ് ആക്റ്റിൽ ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി കൂടിയാലോചന നടത്തുന്നതിനായിട്ടാണ് ഈ യോഗം വിളിച്ച് ചേർത്തിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആമുഖമായി പറഞ്ഞു. ജീവനോപാധിയ്ക്കായി നടത്തിയ ചെറുനിർമ്മാണങ്ങളും (1500 square Feet) വകമാറ്റിയുള്ള ഉപയോഗവും ക്രമവത്ക്കരിക്കുന്നതിനുവേണ്ടി കേരള ഭൂപതിവ് നിയമ ഭേദഗതിയും ചട്ടനിർമ്മാണവും സംബന്ധിച്ച വിശദാംശങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. 1960-ലെ ഭൂപതിവ് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താവുന്നതാണെന്ന് അഡ്വക്കേറ്റ് ജനറലും നിയമവകുപ്പ് സെക്രട്ടറിയും അഭിപ്രായപ്പെട്ടു. 1500 ചതുരശ്ര അടിക്ക് മുകളിലുള്ള നിർമ്മാണങ്ങൾ

ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച് കൂടുതൽ പരിശോധനയും കൂടിയാലോചനകളും നടത്തുന്നത് ഉചിതമായിരിക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. 1500 ചതുരശ്ര അടിക്ക് മുകളിലുള്ള നിർമ്മാണങ്ങൾക്ക് 'Green Cess' ചുമത്തുന്ന കാര്യവും പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദശിച്ചു. പൊതുസ്ഥലങ്ങൾ എന്ന് വിവക്ഷിക്കപ്പെടുന്ന (Public Places) കെട്ടിടങ്ങൾക്ക് പൊതുവെ ഇളവ് നൽകേണ്ടിവരുന്ന കാര്യവും നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യവും പരിശോധിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. തുടർന്ന് വിശദമായ ചർച്ചകൾക്കുശേഷം ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) 1960-ലെ ഭൂപതിവ് നിയമത്തിൽ കൃഷി ആവശ്യത്തിനായി നൽകിയ ഭൂമി വകമാറ്റിയുള്ള ഉപയോഗം ക്രമവൽക്കരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്ന പുതിയ വകുപ്പ് ചേർക്കുവാൻ ഭേദഗതി കൊണ്ടുവരിക. ഇത് വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുക.

2) മേൽ നിയമ ഭേദഗതി വഴി സർക്കാരിന് ലഭിക്കുന്ന അധികാരം വിനിയോഗിച്ച് വിവിധ വകമാറ്റലുകളെ ക്രമപ്പെടുത്തുന്നതിനായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുക.

3) ജീവനോപാധിയ്ക്കായി നടത്തിയിട്ടുള്ള 1500 സ്ക്വയർഫീറ്റ് വരെയുള്ള ചെറിയ തരത്തിലുള്ള നിർമ്മാണങ്ങളും അതിൽപ്പെടുന്ന ജീവനോപാധിക്കായി തിരിച്ചിട്ടുള്ള ചെറിയ കടമുറികളും അപേക്ഷാഫീസും ക്രമവൽക്കരിക്കുന്നതിനുള്ള പ്രത്യേക ഫീസും ഈടാക്കി ക്രമപ്പെടുത്താവുന്നതാണ്. ഇവ ക്രമീകരിക്കുമ്പോൾ താമസിക്കുന്നതിനുള്ള 1500 സ്ക്വയർഫീറ്റ് വരെയുള്ള നിർമ്മാണങ്ങളും അതിൽപ്പെടുന്ന ജീവനോപാധിക്കായി തിരിച്ചിട്ടുള്ള ചെറിയ കടമുറികളും അപേക്ഷാഫീസും ക്രമവത്ക്കരിക്കുന്നതിനുള്ള പ്രത്യേക ഫീസും ഈടാക്കി ക്രമപ്പെടുത്താവുന്നതാണ്.

4) 1500-ന് മുകളിൽ വിസ്തീർണ്ണമുള്ള നിർമ്മിതികളെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് വലിയ നിർമ്മിതികൾക്ക് അപേക്ഷാഫീസ്, ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് എന്നിവയ്ക്ക് പുറമെ സെസ്, വാർഷിക സെസ്, പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രീൻ ടാക്സ് എന്നിവ ഈടാക്കി ക്രമപ്പെടുത്തുന്ന കാര്യം ആവശ്യമായ കൂടിയാലോചനകൾ നടത്തി തീരുമാനിക്കാവുന്നതാണ്.

5) പൊതു ആവശ്യത്തിനുള്ള നിർമ്മിതികളെ ക്രമപ്പെടുത്തുമ്പോൾ അവ പ്രത്യേകമായി വേണം പരിഗണിക്കുവാൻ.

6) വകമാറ്റിയുള്ള നിർമ്മാണങ്ങളും ഭൂവിനിയോഗങ്ങളും ക്രമീകരിക്കുന്നതിനുള്ള പുതിയ നിയമം നിലവിൽ വരുന്ന തീയതി വരെയുള്ളവ മറ്റ വ്യവസ്ഥകൾക്കനുസൃതമാണെങ്കിൽ ക്രമവൽക്കരിക്കുക.

7) ചരിഞ്ഞ പ്രതലങ്ങളിലെ നിർമ്മാണങ്ങൾക്കനുസൃതമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണോ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിക്കണം.

8)സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള ക്രമീകരണങ്ങൾ ആവശ്യമായി വരാം. അതിനാൽ പുതുതായി കൊണ്ടുവരുന്ന ചട്ടങ്ങൾ പ്രകാരമുള്ള ക്രമവൽക്കരണം സംസ്ഥാനത്തിന് പൊതുവേ ബാധകമാക്കണം.

9) കൃഷി ആവശ്യത്തിനായി പതിച്ചുനൽകിയതും എന്നാൽ ഇപ്പോൾ കൃഷിയിലേർപ്പെടാത്തതുമായ ഭൂമി മറ്റേതെങ്കിലും ആവശ്യത്തിനായി പരിവർത്തനം ചെയ്ത് ഉപയോഗിക്കുന്നതിന് (conversion of agricultural land to non agricultural land) അനുമതി നൽകാവുന്ന വിധം നിയമത്തിൽ ഭേദഗതി കൊണ്ടുവരണം.

10) മേൽ സൂചിപ്പിച്ച വകമാറ്റിയുള്ള വിനിയോഗം സാധൂകരിക്കുന്നതിനോടൊപ്പം കാർഷികേതര ആവശ്യത്തിന് പരിവർത്തനം ചെയ്ത്, സർക്കാർ അനുമതിയോടെ വിനിയോഗിക്കുന്നതിന് കഴിയും വിധം,

പുതിയ ചട്ടങ്ങൾ രൂപീകരിക്കണം.

11) ഇതുകൂടി ഉൾപ്പെടുത്തി 1960-ലെ ഭൂപതിവ് നിയമത്തിൽ ആവശ്യമായ ഭേദഗതി ഈ വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

12) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ള 20384.59 ഹെക്ടർ ഭൂമിയിൽ, CHR പട്ടയം നൽകുവാനും, ബാക്കി ഉള്ളവയിൽ അടിയന്തര തീരുമാനം എടുക്കുവാനും റവന്യൂ, വനം വകുപ്പ് സെക്രട്ടറിമാരും ജില്ലാ കളക്ടറും ചേർന്ന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

13) ഇടുക്കി ജില്ലയിലെ അറക്കുളം, ഉടമ്പന്നൂർ, വെള്ളിയാമറ്റം, കുഞ്ചിക്കുഴി, ഇരട്ടയാർ, ഉടുമ്പൻചോല, വൺൻമേട്, അയ്യപ്പൻകോവിൽ, കാഞ്ചിയാർ, രാജക്കാട്, കൊന്നത്തടി, കുഞ്ചിത്തണ്ണി, കല്ലാർക്കുടി, വണ്ടൻമേട്, കൽക്കുന്തൽ, പാറത്തോട്, ആനവിലാസം, ഉപ്പുതോട്, വാത്തിപ്പൊടി, പൂപ്പാറ, ശാന്തൻപാറ, ആനവിരട്ടി, പള്ളിവാസൽ, കെ.ഡി.എച്ച്, വെള്ളത്തുവൽ, ചിന്നക്കനാൽ, ബൈസൺവാലി, മൂന്നാർ, ഇടമലർക്കുടി തുടങ്ങിയ പ്രദേശങ്ങളിലെ പട്ടയ വിതരണം സംബന്ധിച്ച് റവന്യൂ വകുപ്പും വനം വകുപ്പും ആവശ്യമുള്ള ഇടങ്ങളിൽ KSEB-യും ജില്ലാ കളക്ടറും സംയുക്തമായി പരിശോധന നടത്തി എല്ലാ പ്രശ്നങ്ങൾക്കും

സമയബന്ധിതമായി ശാശ്വത പരിഹാരം കാണുവാനും നിർദ്ദേശിച്ചു.

14) ഇടുക്കി ജില്ലയിലെ ആനവിലാസം വില്ലേജിനെ, കെട്ടിട നിർമ്മാണങ്ങൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കുന്നതിന്, ഒരാഴ്ചയ്ക്കകം തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

യോഗം 12 മണിക്ക് അവസാനിച്ചു.

പിണറായി വിജയൻ

മുഖ്യമന്ത്രി

<u>യോഗത്തിൽ പങ്കെടുത്തവർ;</u>

1) ഡോ. വി. പി. ജോയി ഐ.എ.എസ്, ചീഫ് സെക്രട്ടറിയും

2) ഡോ. എ. ജയതിലക് ഐ.എ.എസ്, അഡീഷണൽ ചീഫ് സെകട്ടറി, റവന്യൂ വകുപ്പ്

3) ശ്രീ. കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്

4) ഡോ. ശർമ്മിളാ മേരി ജോസഫ് ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

5) ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്, PCCF &HFF

6) ശ്രീമതി അനുപമ. റ്റി.വി, ഐ.എ.എസ്, ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

****